MONDAY

10/11/2025

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : SINDHU. KS** **Editor : Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/11/2025

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ **'ഇ-കൃഷി പാഠശാല'** എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ച് സമർപ്പിക്കുക. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2025 നവംബർ 15. പുതിയ രജിസ്ട്രേഷനുകൾ 2025 ഡിസംബർ 15 ന് ശേഷം സ്വീകരിക്കുന്നതല്ല. കൂടുതല് വിവരങ്ങൾ പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 14.11.2025 ന് "കൂൺ കൃഷി" എന്ന വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487 – –2370773, 8547070773 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ 12.11.2025 ന് മുമ്പായി ബന്ധപ്പെടുക.

3. ഇടുക്കി വാഗമൺ മൃഗസംരക്ഷണ വകുപ്പ് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ മാസം 11, 12 തീയതികളിൽ ശാസ്ത്രീയമായ ആട്ടുവളർത്തൽ എന്ന വിഷയത്തിൽ കാന്തല്ലൂർ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോണ് നമ്പര് : 9447609517, 9495192577.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കൂൺ കൃഷി"** എന്ന വിഷയത്തിൽ 2025 നവംബർ 11ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. കേരള വന ഗവേഷണ സ്ഥാപനം (KFRI) മുള സംരംഭകത്വത്തിൽ പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മുളയുടെ പരിപാലനം, കരകൗശല ഉൽപ്പന്ന നിർമ്മാണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട തൊഴിൽ അവസരങ്ങൾ കണ്ടെത്താനും സംരംഭകത്വം വളർത്താനും താല്പര്യമുള്ളവർക്കായി കെ.എഫ്.ആർ.ഐ. ഒരുക്കുന്ന അവസരം. ഈ മേഖലയിൽ ആധുനികമായ ആശയങ്ങൾ പങ്കുവെക്കുന്ന ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഉടൻ രജിസ്റ്റർ ചെയ്യുക. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി - നവംബർ 17. താല്പര്യമുള്ളവർ 9995711288, 9447325219 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ "** എന്ന വിഷയത്തിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

13/11/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

7. **കാർഷിക നിർദേശം**

മാവിന്റെ കായീച്ചകളെ നിയന്ത്രിക്കുന്നതിന് ഫെറമോൺ കെണി മാവ് പൂത്ത് കഴിയുമ്പോൾ മുതൽ വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് മൂന്ന് മുതൽ നാല് മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം അഴുകിയ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടക്കെണികളിൽ 2 മില്ലി മാലത്തിയോൺ ഒരു കിലോ മിശ്രിതത്തിന് എന്ന അളവിൽ ഉപയോഗിക്കുന്നത് ഗുണം ചെയ്യും. ഒരേക്കർ മാവിൻതോട്ടത്തിന് ചുരുങ്ങിയത് അഞ്ചെണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൊട്ടുക്കേണ്ടതാണ്. കൊഴിഞ്ഞു വീഴുന്ന കണ്ണിമാങ്ങകൾ പെറുക്കിയെടുത്ത് നശിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്യൂവേറിയ ബസ്സിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മാവിന്റെ തടത്തിൽ ഒഴിച്ചുകൊടുക്കുന്നത് കായീച്ചകളുടെ സമാധിദശയെ നശിപ്പിക്കാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം